**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 3157 — 22.06.2012 ൽ മറുപടിയ്ക്ക്

**<u>കാൻസർ സുരക്ഷാ ഫണ്ടിൽ നിന്നുള്ള ധനസഹായം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി. എം. തോമസ് ഐസക് | **ഡോ. എം.കെ. മുനീർ** (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ | സാമൂഹ്യക്ഷേമ വകുപ്പിൻ കീഴി ലുള്ള കാൻസർ സുരക്ഷാ ഫണ്ടി ലേയ്ക്ക് 2011-12 സാമ്പത്തിക വർഷം എന്ത് തുക നീക്കിവച്ചി രുന്നു ; | എ | 2 കോടി 82 ലക്ഷം രൂപ നീക്കിവച്ചി രുന്നു |
| ബി | കാൻസർ ബാധിച്ച കുട്ടികൾക്ക് പ്രസ്തുത ഫണ്ടിൽ നിന്നും എന്ത് തുകയാണ് നൽകി വരുന്നത് ; | ബി | കാൻസർ സുരക്ഷാ പദ്ധതി പ്രകാരമുള്ള സൗജന്യ ചികിത്സയ്ക്ക് വേണ്ടി രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് ആദ്യ ഘട്ടത്തിൽ 50,000/- രൂപ അനുവദിക്കും. തുടർ ചികിത്സ യ്ക്കായി 50,000/- രൂപയിലധികം ചെലവഴിക്കേണ്ടി വരുന്ന സന്ദർഭ ങ്ങളിൽ പരിധിയില്ലാതെ തുക ചെലവഴിക്കുന്നതിന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| സി | 2011-2012ൽ എത്ര കുട്ടികൾക്ക് സഹായധനം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | സി | കുട്ടികൾക്ക് നേരിട്ട് ധനസഹായം നല്കുന്നില്ല. 614 കുട്ടികൾക്ക് കാൻസർ സുരക്ഷാ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. |
| ഡി | പ്രസ്തുത ഫണ്ടിൽ നിന്നും ധന ഹായം ആവശ്യപ്പെട്ടുകൊണ്ട് 2011 -12 കാലയളവിൽ സമർപ്പിച്ച അപേക്ഷകളിന്മേൽ തീരുമാനമെ ടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര അപേക്ഷകളിന്മേലാണ് ഇനി തീരുമാനമെടുക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ ? | ഡി | സൗജന്യ ചികിത്സയ്ക്ക് പ്രത്യേക അപേക്ഷ നൽകേണ്ടതില്ല. രോഗിക്ക് ഈ പദ്ധതിയിലൂടെ സൗജന്യ ചികിത്സയാണ് നൽകി വരുന്നത്. നേരിട്ട് ധനസഹായം നൽകുന്നില്ല. ചികിത്സ ആവശ്യ മുള്ള കുട്ടികൾ പദ്ധതി നടപ്പിലാ ക്കുന്ന ആശുപത്രികളിൽ സൗജന്യ ചികിത്സ തേടിയെത്തുന്ന മുറ യ്ക്കാണ് സൗജന്യ ചികിത്സ ലഭ്യമാക്കുന്നത്. പദ്ധതി മാനദണ്ഡ ങ്ങൾ അനുസരിച്ച് ഉൾപ്പെടുത്താ വുന്ന എല്ലാ കുട്ടികൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കി വരുന്നുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ